മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ജൂൺ 26**

---

## ഓണേഴ്സ് ബിരുദം; മൂന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലും സർവകലാശാലാ കാമ്പസിലെ 4+1 പ്രോഗ്രാമുകളിലും ഏകജാലക പ്രവേശനത്തിനുള്ള മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂൺ 29 ന് വൈകുന്നേരം നാലിനു മുൻപ് കോളേജുകളിൽ സ്ഥിര പ്രവേശനം നേടണം.

പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഈ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് വരെ താത്കാലിക പ്രവേശനത്തിൽ തുടരാം. എന്നാൽ മറ്റ് വിഭാഗങ്ങളിൽപെട്ടവർ ജൂൺ 29 ന് വൈകുന്നേരം നാലിനു മുൻപ് സ്ഥിര പ്രവേശം നേടണം. ഇവർക്ക് താത്കാലിക പ്രവേശത്തിന് ക്രമീകരണമില്ല.

പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.

ഒന്നും രണ്ടും മൂന്നും അലോട്ട്മെന്റ് പട്ടികയിൽ ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം ജോയിൻ ചെയ്യാതിരുന്നവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി സപ്ലിമെന്ററി അലോട്ട്മെന്റ് വരെ കാത്തിരിക്കാതെ ജലൈ ഒന്നു മുതൽ മൂന്നു വരെയുള്ള എസ് സി എസ് ടി സ്പെഷ്യൽ അലോട്ട്മെന്റിനുള്ള രജിസ്ട്രേഷനൊപ്പം പുതിയതായി ഓപ്ഷൻ നൽകുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും പി ഡി ക്വാട്ടയിലേക്കും ഇതോടൊപ്പം പുതിയതായി അപേക്ഷിക്കുയോ ഓപ്ഷനുകൾ നൽകുകയോ ചെയ്യാം.
(പി.ആർ.ഒ/39/509/2024)

## എം.ബി.എ പ്രവേശനം; പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീക

രിച്ചു. ലിസ്റ്റ് സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in) ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2733367 എന്ന നമ്പറിൽ ബന്ധപെടണം.
(പി.ആർ.ഒ/39/510/2024)

## പരീക്ഷകൾ മാറ്റിവച്ചു

എം.ജി സർവകലാശാല ജൂലൈ ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.
(പി.ആർ.ഒ/39/511/2024)

## ഹ്രസ്വകാല ഫുൾടൈം പ്രോഗ്രാമുകൾ

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കു കീഴിൽ പ്കർത്തിക്കുന്ന ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിൽ(ഡാസ്പ്) ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റ്(യോഗ്യത- പ്ലസ് ടൂ) പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ ഇൻ ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ്(യോഗ്യത- ബിരുദം) എന്നീ റഗുലർ ഫുൾടൈം ഹ്രസ്വകാല കോഴ്സുകളിലേക്ക് ജൂലൈ 25 വരെ അപേക്ഷിക്കാം.
വിശദവിവരങ്ങൾ www.dasp.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ - 8078786798, 0481 2733292. ഇമെയിൽ- dasp@mgu.ac.in
(പി.ആർ.ഒ/39/512/2024)

## ഐടി സെൽ ഡയറക്ടർ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ ഐടി സെൽ ഡയറക്ടർ തസ്തികയിൽ നിയമനത്തിന് ആപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in) ഫോൺ-0481 2733541.
(പി.ആർ.ഒ/39/513/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎസ്സി അപ്ലൈഡ് കെമിസ്ട്രി സി.എസ്.എസ്(2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ ഒൻപതു മുതൽ കാലടി ശ്രീശങ്കര കോളജിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/514/2024)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് ബികോം(മോഡൽ 1,2,3 2015, 2016 അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2013, 2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് 2024 ഫെബ്രുവരി മാർച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂലൈ 11വരെ ഓൺലൈനിൽ അപേക്ഷിക്കാം.
(പി.ആർ.ഒ/39/515/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നു മുതൽ നാലു വരെ വർഷ ബിഎസ്സി മെഡിക്കൽ മൈക്രോ ബയോളജി(2015 അഡ്മിഷൻ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയ്ക്ക് ജൂലൈ 29വ

രെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഫൈനോടു കൂടി ജൂലൈ 30നും സൂപ്പർ ഫൈനോടു കൂടി 31നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/516/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**